(സി) തിരുവല്ലായിൽ കൂടി കടന്നുപോകുന്ന 110 കെ.വി ലൈനിൽ നിന്നും ടാപ്പ് ചെയ്ത് മേൽപ്പറഞ്ഞ സബ്സ്റ്റേഷനുകളിലേയ്ക്ക് കണക്ട് ചെയ്ത് തിരുവല്ലയിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പ്രൊപ്പോസൽ അംഗീകരിച്ച് അടിയന്തിരമായി നടപ്പാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 66 കെ.വി. സബ്സ്റ്റേഷനിലെ 11 കെ.വി. ബ്രേക്കർ എന്ന ഉപകരണത്തിന്റെ സ്പെയർ പാർട്ട് കമ്പനിയിൽ നിന്നും സമയത്തിന് ലഭ്യമാകാതിരുന്നതുകൊണ്ട് വൈദ്യുതി തകരാറുണ്ടായത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. തകരാറുകൾ ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്.

(സി) ചുമത്ര 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി ആയി ഉയർത്തിയതിനുള്ള നിർദ്ദേശം ബോർഡിന്റെ പരിഗണനയിലുണ്ട്. അതിന് അംഗീകാരം നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ മുല്ലപ്പള്ളി 110 കെ.വി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുമ്പോൾ തിരുവല്ല സബ്സ്റ്റേഷനിൽ നിന്നും കുറച്ചു ലോഡ് മാറ്റാവുന്നതാണ്. അതുമൂലം തിരുവല്ല ഭാഗത്തെ വൈദ്യുതി നില മെച്ചപ്പെടുന്നതാണ്.

മഞ്ചേരി വൈദ്യുതി ഭവനത്തിന്റെ നിർമ്മാണം

82 (2660) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ വൈദ്യുതി ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിയോ ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) വൈദ്യുതി ഭവനം സ്ഥാപിക്കുന്നതിനായി എന്നാണ് കെ.എസ്.ഇ.ബി. സ്ഥലം ഏറ്റെടുത്തത് ;

(ഡി) പ്രവർത്തനം എന്നു തുടങ്ങാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ഇ) എന്നത്തേയ്ക്ക് ഇതിന്റെ നിർമ്മാണപ്രവർത്തനം തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) മഞ്ചേരിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.യുടെ ഓഫീസുകൾ ഏതെല്ലാം ;

(ജി) ഇവയ്ക്ക് ഓരോന്നിനും പ്രതിമാസം വാടകയിനത്തിൽ എന്തു തുക ചെലവഴിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഇല്ല. വൈദ്യുതി ഭവനത്തിന്റെ നിർമ്മാണത്തിനുള്ള ധന സഹായം സാമ്പത്തിക ഏജൻസികളിൽ നിന്നും സ്വരൂപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) 27-5-1994-ൽ.

(ഡി&ഇ) 2000-2001 സാമ്പത്തിക വർഷത്തിൽത്തന്നെ ആഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ്, ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ്, ഇലക്ട്രിക്കൽ മേജർ സെക്ഷൻ മഞ്ചേരി (സൗത്ത്) ഇലക്ട്രിക്കൽ സെക്ഷൻ മഞ്ചേരി (നോർത്ത്) ബി.എസ്.യൂണിറ്റ് മഞ്ചേരി സബ് റീജിയണൽ സ്റ്റോർ, മഞ്ചേരി.

(ജി)

		പ്രതിമാസം
ഇലക്ട്രിക്കൽ സർക്കിൾ മഞ്ചേരി	-	1,900 രൂപ
ഇലക്ട്രിക്കൽ ഡിവിഷൻ മഞ്ചേരി	-	6,300 രൂപ
ഇലക്ട്രിക്കൽ മേജർ സെക്ഷൻ (സൗത്ത്) മഞ്ചേരി	-	2,000 രൂപ
ഇലക്ട്രിക്കൽ മേജർ സെക്ഷൻ (നോർത്ത്) മഞ്ചേരി	-	4,653 രൂപ
ബി.എസ്.യൂണിറ്റ് മഞ്ചേരി	-	1,700 രൂപ
സബ് റീജിയണൽ സ്റ്റോർ മഞ്ചേരി	-	3,160 രൂപ

ഇലക്ട്രിക്കൽ വയർമെൻ ആന്റ് സൂപ്പർ വൈസേഴ്സ് അസോസിയേഷൻ ഓഫ് കേരള നൽകിയ നിവേദനത്തിന്മേൽ നടപടി

83 (2661) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിക്കൽ വയർമെൻ ആന്റ് സൂപ്പർ വൈസേഴ്സ് അസോസിയേഷൻ ഓഫ് കേരള, കഴിഞ്ഞ ഫെബ്രുവരി 9-ന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് മുമ്പിൽ നടത്തിയ ധർണയിലും തുടർന്നു നൽകിയ നിവേദനത്തിലും ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ പരിശോധിക്കുകയുണ്ടായോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വിശദീകരിക്കുമോ ;

(സി) അനധികൃത വയറിംഗിനെതിരെയുള്ള ജില്ലാതല പരിശോധക സമിതികൾ രൂപീകരിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly